"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ.മുഹമ്മദ് ഹുവൈസ്.എം ന്റെ തദ്ദേശ സ്വയംഭരണ (നഗരം) വകുപ്പിലെ സ്വാഗ് സെല്ലിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2103/2023/LSGD തീയതി,തിരുവനന്തപുരം, 27-10-2023

---

പരാമർശം:-

1. സ.ഉ(സാധാ)നം.1942/2021/ത.സ്വ.ഭ.വ തിയതി 07.10.2021
2. സ.ഉ (സാധാ) നം. 2606/2022 /ത.സ്വ.ഭ.വ തിയതി 27.10.2022
3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.09.2023 ലെ LSGD/PD/54342/2023-SWAG2 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 2 ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ (നഗരം) വകുപ്പിലെ സ്വാഗ് സെല്ലിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയില് അന്യത്ര സേവന വ്യവസ്ഥയില് സേവനമനുഷ്ഠിച്ചുവരുന്ന **തദ്ദേശ സ്വയംഭരണ വകുപ്പിൽ ജോയിന്റ് ഡയറക്ടറായ ശ്രീ.മുഹമ്മദ് ഹുവൈസ്.എം** ന്റെ നിലവിലുള്ള അന്യത്ര സേവന കാലാവധി 12.10.2023 ന് അവസാനിക്കുന്നതിനാല് ടിയാന്റെ അന്യത്ര സേവന കാലാവധി 13.10.2023 മുതല് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് **പരാമർശം 3** പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

**സർക്കാർ ഇക്കാര്യം** തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ **വിശദമായി പരിശോധിക്കുകയും** തദ്ദേശ സ്വയംഭരണ (നഗരം) വകുപ്പിലെ സ്വാഗ് സെല്ലിൽ ഡെപ്യൂട്ടി ഡയറക്ടർ **തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന** തദ്ദേശ സ്വയംഭരണ വകുപ്പിൽ ജോയിന്റ് ഡയറക്ടറായ **ശ്രീ.മുഹമ്മദ് ഹുവൈസ്.എം -ന്റെ** അന്യത്ര സേവന കാലാവധി **നിലവിലുള്ള അന്യത്ര സേവന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 13.10.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിനുള്ള

ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിന് വിലക്ക് ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.മുഹമ്മദ് ഫൈവെസ്.എം, ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണവകുപ്പ് മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 28-10-2023 11:13:15
സെക്ഷൻ ഓഫീസർ